# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കടവല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് കാര്യാലയം

# തൃശ്ശൂർ – 680020

# ഇ-മെയിൽ:

## dotsr.ksad@kerala.gov.in

# ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി6) 1422/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 27/11/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടവല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ

പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ

വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി6) 1422/2024

തീയ്യതി: 27/11/2024

# തൃശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-11-2023 മുതൽ 31-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ്

അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## **(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

## **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2024 | 01-10-2024 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2024 | 01-10-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രശാന്ത് ടി. ജി, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഇ. കെ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമ വി. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഷീഗ സി. കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി. ഐ രാജേന്ദ്രൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ഉല്ലാസ് കുമാർ കെ. എ | സെക്രട്ടറി | 01-04-2023 | 16-03-2024 |
| ബിന്ദു കെ. കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനി തോമസ് പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 06-07-2023 |
| പ്രഭു വി. കെ | അസിസ്റ്റന്റ് സെക്രട്ടറി | 07-07-2023 | 21-08-2023 |
| ബിന്ദു കെ. കെ | അസിസ്റ്റന്റ് സെക്രട്ടറി | 22-08-2023 | 31-03-2024 |
| കൃഷ്ണനുണ്ണി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ദീബ വി. എസ് | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| സൺവിന് ജോൺ | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ചിത്ര സി. കെ | വി.ഇ.ഒ | 01-04-2023 | 15-02-2024 |
| സൺവിന് ജോൺ | വി.ഇ.ഒ | 16-02-2024 | 31-03-2024 |
| സഹീറ പി. പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| എ. സി ഡേവീസ് | വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| മണികണ്ഠൻ ടി. എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 31-03-2024 |
| നിസമോൾ വി. എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീകാന്ത് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2023 | 31-03-2024 |
| സബീന പരീത് | കൃഷി ഓഫീസർ | 01-04-2023 | 17-10-2023 |
| ശ്രുതി പി. ഡി | കൃഷി ഓഫീസർ | 18-10-2023 | 02-12-2023 |
| അജി | കൃഷി ഓഫീസർ | 03-12-2023 | 31-03-2024 |
| ടോണി ജോസഫ് എ. എഫ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2023 | 21-03-2024 |
| സുലൈമാൻ എ. എ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 22-03-2024 | 31-03-2024 |
| ഗിനിക പി. ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-1 |
| 3 | വായ്പ തിരിച്ചടവ് തെറ്റായി രേഖപ്പെടുത്തിയത് മുലം ബാലൻസ് ഷീറ്റിൽ കുറവ് നീക്കിയിരിപ്പ് | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ബി- 17 ൽ ബാങ്ക് അക്കൗണ്ടിന് തുല്യമായ ബാധ്യത ശീർഷകം ബി-4 ൽ ഇല്ല | 1-1-5 |
| 7 | ബി -4 / ബി -2 ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ടുകൾ ഇല്ല | 1-1-6 |
| 8 | വസ്തു നികുതി-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-7 |

| | | |
|---|---|---|
| 9 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല | 1-1-8 |
| 10 | Development Fund -SCP-Capital ശീർഷകത്തിൽ നീക്കിയിരിപ്പ് | 1-1-9 |
| 11 | രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 12 | ബജറ്റ് | 1-2 |
| 13 | ഫണ്ട് വിനിയോഗം | 1-3 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | ക്ഷേമപദ്ധതികൾ | 1-6 |
| 17 | ക്യാഷ് പരിശോധന | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 19 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-9 |
| 20 | തൊഴിൽ നികുതി -അപാകങ്ങൾ | 1-10 |
| 21 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം | 1-11 |
| 22 | ടർഫുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല | 1-12 |
| 23 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം - അപാകങ്ങൾ | 1-13 |
| 24 | ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ വാണിജ്യസ്ഥാപനങ്ങൾ പ്രവത്തിക്കുന്നു. | 1-14 |
| 25 | വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം | 1-15 |

| | | |
|---|---|---|
| | വ്യക്തമാക്കേണ്ടതാണ് | |
| 26 | കശാപ്പുശാലകൾ ലൈസൻസ് - അപാകങ്ങൾ | 1-16 |
| 27 | ടെണ്ടർ ഫോം വില - പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ | 1-17 |
| 28 | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്ന്, പാലിയേറ്റീവ് സാമഗ്രികൾ എന്നിവ ലഭ്യമായിട്ടില്ല | 1-18 |
| 29 | പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കാതെ ലാബ് ഉപകരണങ്ങൾ വാങ്ങി | 1-19 |
| 30 | ഹോമിയോ-മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-20 |
| 31 | കാലിത്തീറ്റ വിതരണം-ക്ഷീര സംഘങ്ങൾ മുഖേന വിതരണം നടത്തിയില്ല | 1-21 |
| 32 | പോത്തുകുട്ടി വിതരണം മോണിറ്ററിംഗ് നടത്തേണ്ടതാണ് | 1-22 |
| 33 | സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല | 1-23 |
| 34 | തെരുവ് വിളക്കുകളുടെ മീറ്ററിങ് എത്രയും വേഗം പൂർത്തിയാക്കണം | 1-24 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരം വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-25 |
| 36 | ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 37 | വാഹനപരിപാലനം അപാകതകൾ | 1-27 |

| |
|---|
| 38 |